"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന മണ്ണ് പരിവേഷണ - മണ്ണ് സംരക്ഷണ വകുപ്പ്, നബാർഡ് ആർ ഐ ഡി എഫ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നീർത്തട സംരക്ഷണ പദ്ധതികളുടെ സംസ്ഥാനതല ഉത്ഘാടനം - ചേലക്കര നിയോജക മണ്ഡലത്തിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

**സ.ഉ.(സാധാ) നം.571/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/03/2020**

പരാമർശം:- ശ്രീ.യു.ആർ പ്രദീപ് എം.എൽ.എ യുടെ 02/03/2020 ലെ കത്ത്.

## ഉത്തരവ്

സംസ്ഥാന മണ്ണ് പരിവേഷണ -മണ്ണ് സംരക്ഷണ വകുപ്പ്, നബാർഡ് ആർ ഐ ഡി എഫ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നീർത്തട സംരക്ഷണ പദ്ധതികളുടെ സംസ്ഥാനതല ഉത്ഘാടനം ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി എന്നീ ഗ്രാമ പഞ്ചായത്ത് പരിധി പ്രദേശത്ത് ഉൾപ്പെട്ട് വരുന്ന ഗായത്രി പുഴ നീർത്തട സംരക്ഷണ പദ്ധതി പ്രവർത്തിക്ക് തുടക്കം കുറിച്ചുകൊണ്ട് 07.03.2020 തീയതി ബഹു. കൃഷി വകുപ്പ് മന്ത്രി കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും, 7-8 തീയതികളിലായി നടക്കുന്ന 'ഉണർ വ്വ് -2020 'പരിപാടി ദ്വിദിന കാർഷികാധിഷ്ഠിത സെമിനാറുകൾ കാർഷിക -കാർഷികേതര പ്രദർശനങ്ങൾ, നാട്ടറിവുകൾ എന്നിവ ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നതെന്നും,. ടി പരിപാടി വിജയകരമായി നടത്തുന്നതിന് നിയോജക മണ്ഡലത്തിലെ ദേശമംഗലം, വരവൂർ, മുള്ളൂർക്കര, വള്ളത്തോൾനഗർ, പാഞ്ഞാൾ, ചേലക്കര, പഴയന്നൂർ, കൊണ്ടാഴി, തിരുവില്വാമല എന്നീ ഗ്രാമ പഞ്ചായത്തുകൾ പതിനായിരം രൂപ വീതവും വടക്കാഞ്ചേരി, പഴയന്നൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ഇരുപത്തയ്യായിരം രൂപ വീതവും അനുവദിച്ച് നൽകണമെന്നും പരാമർശ കത്ത് പ്രകാരം ചേലക്കര എം.എൽ.എ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന മണ്ണ് പരിവേഷണ -മണ്ണ് സംരക്ഷണ വകുപ്പ്, നബാർഡ് ആർ ഐ ഡി എഫ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നീർത്തട സംരക്ഷണ പദ്ധതികളുടെ സംസ്ഥാനതല ഉത്ഘാടനത്തിന്റെ ചെലവുകൾക്കായി ചേലക്കര നിയോജക മണ്ഡലത്തിലെ ദേശമംഗലം, വരവൂർ, മുള്ളൂർക്കര, വള്ളത്തോൾനഗർ, പാഞ്ഞാൾ, ചേലക്കര, പഴയന്നൂർ, കൊണ്ടാഴി, തിരുവില്വാമല എന്നീ ഗ്രാമ പഞ്ചായത്തുകൾ 10,000/-(പതിനായിരം) രൂപ വീതവും വടക്കാഞ്ചേരി, പഴയന്നൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ 25,000/- (ഇരുപത്തയ്യായിരം) രൂപ വീതവും കമ്മിറ്റി തീരുമാനത്തിന് വിധേയമായി, തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**സജന് സി വി ഐ .എ .എസ്**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ( പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ ( പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.03.06 15:51:28 IST
Reason: Approved

സെക്ഷൻ ഓഫീസർ